13/14 II fn Delay Stmt

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2301** **09.12.2014 ൽ മറുപടിക്ക്**

**സംസ്ഥാനത്തെ റെയിൽവേയുടെ വികസനം**

| | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| ചോദ്യം | | നൽകിയ മറുപടി | അന്തിമ മറുപടി |
| (എ) | സംസ്ഥാനത്തെ റെയിൽവേയുടെ വികസനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 01.07.2011 മുതൽ 31.10.2014 വരെ റെയിൽവേ ബന്ധപ്പെട്ടവരുടെ എത്ര യോഗങ്ങൾ വിളിച്ചുചേർത്തു; | റെയിൽവേയിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്. | 5 യോഗങ്ങൾ |
| (ബി) | സംസ്ഥാനത്തെ റെയിൽവേ സെക്ടർ എന്തെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ; അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതു വരെ സ്വീകരിച്ചത്; | | റെയിൽവേ മേൽപ്പാലത്തിനായി സംസ്ഥാന സർക്കാരും റെയിൽവേയുമായി കോസ്റ്റ് ഷെയറിംഗ്, സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനുള്ള നടന്നു വരുന്ന വിവിധ പദ്ധതികൾ പുതിയ പദ്ധതികൾ എന്നിവക്കുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, യാത്രക്കാർക്ക് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഫണ്ടിന്റെ ദൗർലഭ്യം, പാതയിരിട്ടിപ്പിക്കൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ, കോച്ചുകളുടെ ദൗർലഭ്യം, റെയിൽവേ സ്റ്റോപ്പുകളുടെ യുക്തിപരമായ പുനർഘടന. തുടങ്ങിയ വിവിധ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | തിരിച്ചറിയുകയും ആയത് പരിഹരിക്കാൻ റെയിൽവേ ഉചിതമായ വിവിധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ റെയിൽവേ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി അവസാനം റെയിൽവേ എന്നാണ് യോഗം വിളിച്ചത്; അതിൽ എത്ര പാർലമെന്റംഗങ്ങൾ പങ്കെടുത്തു; വിശദാംശം ലഭ്യമാക്കാമോ; | | 2014 നവംബർ 22 നാണ് അവസാനമായി റെയിൽവേ യോഗം വിളിച്ചത്. തിരുവനന്തപുരം ഡിവിഷനു വേണ്ടിയുള്ള യോഗത്തിൽ 8 എം.പിമാരും പാലക്കാട് ഡിവിഷനുവേണ്ടിയുള്ള യോഗത്തിൽ 3 എം.പിമാരും പങ്കെടുത്തു. |
| (ഡി) | പാലക്കാട് റെയിൽവേ ഡിവിഷനു കീഴിലുള്ള എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു; എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ? | | യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായിവയ്ക്കുന്നു. ടി അനുബന്ധമായി വച്ചിരിക്കുന്ന യോഗ നടപടിക്കുറിപ്പിൽ ഇതു സംബന്ധിച്ച വിശദാംശം അടങ്ങിയിട്ടുണ്ട്. |

Sajeev

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്